22-8-2017-ന് ഡോ. എൻ. ജയരാജ് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് കൃഷിവകുപ്പുമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാറിന്റെ മറുപടിയുടെ മേശപ്പുറത്തുവച്ച ഭാഗങ്ങൾ

അനുബന്ധം (സമഗ്ര കാർഷിക നയം)

സമഗ്ര കാർഷിക നയത്തിന്റെ ഘടകമായ ജലബന്ധിത നയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ജലസേചന പ്ലാനുകൾക്ക് രൂപം നൽകി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

വിള സംരക്ഷണവുമായി ബന്ധപ്പെട്ട് തരിശുനിലങ്ങൾ കൃഷിക്കുപയുക്തമാക്കുന്ന നയത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ആറൻമുള, കോട്ടയം ജില്ലയിൽ കുമരകം മെത്രാൻകായൽ, ആലപ്പുഴ ജില്ലയിൽ റാണികായൽ എന്നിവിടങ്ങളിലെ തരിശുനിലങ്ങളിൽ കൃഷി നടപ്പിലാക്കി. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ നെല്ല്, പച്ചക്കറി മുതലായവയുടെ തരിശുനില കൃഷി ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിള സംരക്ഷണവുമായി ബന്ധപ്പെട്ട് പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നയത്തിന്റെ ഭാഗമായി നെൽകൃഷിയുടെ വിസ്തൃതിവ്യാപനം

ലക്ഷ്യമിട്ടുകൊണ്ട് കരനെൽകൃഷി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി.

മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ മണ്ണുപരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡുകൾ, മണ്ണിന്റെ തരം നിശ്ചയിക്കുന്ന ഭൂപടങ്ങൾ എന്നിവ തയ്യാറാക്കി കർഷകർക്ക് നൽകി. കൃഷിഭൂമിയുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഡാറ്റാബാങ്കിലുള്ള അപാകതകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന എന്നിവയെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ടുള്ള നയത്തിന്റെ ഭാഗമായി കർഷക പെൻഷൻ തുക 600 രൂപയിൽനിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കർഷക പെൻഷനും നാളികേര സംഭരണത്തിലെ ബാക്കി തുകയും നെല്ല് സംഭരണത്തിലെ തുകയും കുടിശ്ശിക തീർത്ത് കർഷകർക്ക് വിതരണം ചെയ്തു.

ജൈവ കാർഷിക നയത്തിന്റെ ഭാഗമായി നല്ല കാർഷിക മുറകൾ, പി.ജി.എ. സർട്ടിഫിക്കേഷൻ എന്നിവ പ്രാവർത്തികമാക്കി സുരക്ഷിതഭക്ഷണം ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിള സംരക്ഷണ

നയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നാളീകേര കർഷകരുടെ ചിരകാല സ്വപ്നമായ നീര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലക്ഷ്യമാക്കി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മുതലമട പ്രദേശത്ത് 428 ലക്ഷം രൂപയുടെ സമഗ്ര മാവ് കൃഷി വികസന പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മൂല്യവർദ്ധനവും സംസ്കരണവും സംബന്ധിച്ച നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രമുഖവിളകളായ തെങ്ങ്, നെല്ല്, വാഴ, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, തേൻ, മാങ്ങ, ചക്ക എന്നിവയ്ക്കായി അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തി നടപടികൾ കൈക്കൊണ്ടുവരുന്നു.

കീടനാശിനികളുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായി പഴങ്ങളിലെയും പച്ചക്കറികളിലെയും അവശിഷ്ടകീടനാശിനികൾ പരിശോധിക്കുന്നതിനായി ലാബുകൾ സ്ഥാപിക്കുന്നതിനും രാസവളങ്ങളുടെയും കീട/കള നാശിനികളുടെയും വിതരണം, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

വിപണികളെയും വിപണന രീതികളെയും സംബന്ധിക്കുന്ന നയത്തിന്റെ ഭാഗമായി മൊത്തവ്യാപാര വിലയേക്കാളും 10 ശതമാനം അധികം നൽകി കർഷകരിൽനിന്ന് പച്ചക്കറി സംഭരിക്കുകയും വിപണി വിലയേക്കാൾ 30 ശതമാനം കുറവിൽ പൊതുജനങ്ങൾക്ക് നൽകുകയും ചെയ്തുവരുന്നു. കർഷകർക്ക് ന്യായവില

ഉറപ്പുവരുത്തുന്നതിനും വിപണിവില പിടിച്ചുനിർത്തുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള തദ്ദേശീയമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിഷു, ഓണം, ക്രിസ്തുമസ് എന്നീ വിശേഷാവസരങ്ങളിൽ കൃഷി വകുപ്പിനെയും അനുബന്ധ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് പ്രത്യേക വിപണികൾ നടപ്പിലാക്കുന്നു. കർഷകരെ പ്രോത്സാഹിപ്പിക്കുന്ന നയത്തിന്റെ ഭാഗമായി എല്ലാ വർഷവും ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുകയും തെരഞ്ഞെടുത്ത കർഷകർക്ക് അവാർഡുകൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഈ നയത്തിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ ആറ് മൊത്ത വ്യാപാര വിപണികൾവഴി ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം നടത്തി വിപണനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യുന്നുണ്ട്. കൂടാതെ വിപണിയിൽ നേരിട്ട് ഇടപെട്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ്, കേരഫെഡ് എന്നിവയുടെ സഹകരണത്തോടെ നെല്ല്, പച്ചത്തേങ്ങ എന്നിവയുടെ സംഭരണം നടത്തിവരുന്നു.

വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധത്തിലുള്ള കാർഷിക പ്രവർത്തനങ്ങളിലും നേരിട്ട് ഇടപെട്ടുകൊണ്ട് സമസ്ത മേഖലയിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന ഒരു പുതിയ കാർഷിക നയം ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.